| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം<br>നം. 691 | | 2-11-2011 - ൽ മറുപടിക്ക് | |
| നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി.കെ ഗുരുദാസൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് എന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാർ ആരാഞ്ഞിരുന്നുവോ; | (ബി) | ആരാഞ്ഞിരുന്നു. |
| (സി) | ഈ പദ്ധതിയുടെകീഴിൽ സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ? | (സി) | കേന്ദ്ര ഗവൺമെന്റ് വിഭാവനം ചെയ്തിരിക്കുന്ന നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് അനുസരിച്ച് ആട്ടോമൊബൈൽ, ഐ. ടി ആൻറ് ടെലിക്കോം, എന്റർടൈൻമെന്റ് ഇൻഡസ്ട്രി, ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി, കൺസ്ട്രക്ഷൻ ഇൻഡസ്ട്രി , ഫിനാൻഷ്യൽ സർവ്വീസസ്, ഇൻഷ്വറൻസ് എന്നീ വിഭാഗങ്ങളിലാണ് പാഠ്യപദ്ധതി രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. നിലവിൽ കേരള സംസ്ഥാന സർക്കാർ നടത്തുന്ന വൊക്കേഷണൽ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കണ്ടറി കോഴ്സുകളിൽ കേന്ദ്ര ഗവൺമെന്റ് വിഭാവനം ചെയ്തിരിക്കുന്ന നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിൽ ആട്ടോമൊബൈൽ മാത്രമെ ഉൾപ്പെടുന്നുള്ളു. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നകാര്യം കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യക്തമായ രൂപരേഖ ലഭിച്ചാൽ മാത്രമെ വിലയിരുത്താൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ